**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3173 03/04/2013-ൽ മറുപടിയ്ക്ക്

**കൃഷി ഭവനുകൾ കേന്ദ്രീകരിച്ചുള്ള വികസന പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) വൈപ്പിൻ മണ്ഡലത്തിലെ കൃഷി ഭവനുകൾ കേന്ദ്രീകരിച്ചുള്ള വികസന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) വൈപ്പിൻ മണ്ഡലത്തിലെ കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് സംസ്ഥാന കൃഷി വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.<br>ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം നടപ്പാക്കുന്ന 5.2 ഹെക്ടർ വാഴകൃഷി, 2 ഹെക്ടർ കുരുമുളക്, ജാതി എന്നീ സുഗന്ധ വ്യജ്ഞനവിള, 5 ഹെക്ടർ സ്ഥലത്ത് സംയോജിത രോഗകീട നിയന്ത്രണം, 1 മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം, 1.05 ലക്ഷം രൂപയുടെ യന്ത്രവത്ക്കരണം, 35 കർഷകർക്ക് പരിശീലനം എന്നീ പദ്ധതികൾ വൈപ്പിൻ മണ്ഡലത്തിലെ കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് നടപ്പാക്കി വരുന്നു. |
| ബി) അവയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ ; | ബി) ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരമുള്ള പദ്ധതികളിൽ 4.364 ഹെക്ടർ വാഴകൃഷി, 0.83535 ഹെക്ടർ സുഗന്ധ വ്യജ്ഞനവിള കൃഷി, 40,843 രൂപയുടെ യന്ത്രവത്ക്കരണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നിവ 2013 ഫെബ്രുവരി മാസം 28-ാം തീയതി വരെ നടപ്പിലാക്കി. |
| സി) കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾക്ക് പുറമേ ഓരോ പ്രദേശത്തെയും തനതായ കാർഷിക രീതികൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ എന്തെങ്കിലും ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ? | സി) കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾക്ക് പുറമേ വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ അതിന്റെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുന്ന കൗൺസിൽ അംഗങ്ങളായ കർഷകരുടെ പങ്കാളിത്തത്തോടെ ഓരോ പ്രദേശത്തേയും തനതായ |

കാർഷിക രീതികൾ മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

1. കർഷക പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പങ്കാളിത്ത ഗവേഷണ പദ്ധതികൾ
2. കർഷക പരിശീലനങ്ങൾ
3. ഡെമോൺസ്ട്രേഷനുകൾ, കാമ്പയിൻ
4. തരിശുനിലങ്ങളിലേയ്ക്ക് വാഴ, പച്ചക്കറി കൃഷിയുടെ വ്യാപനം
5. ഓരോ പ്രദേശത്തേയും നാടൻ ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുകയും മറ്റ് പ്രദേശങ്ങളിലേയ്ക്ക് പ്രചരിപ്പിക്കുകയും ചെയ്യുക
6. നൂതന സാങ്കേതിക വിദ്യകളായ പ്രിസിഷൻ ഫാമിങ്, ഹൈടെക് അഗ്രിക്കൾച്ചർ, പോളിഹൗസ് പദ്ധതി തുടങ്ങിയ പരിപാടികൾ പഴം പച്ചക്കറി മേഖലയിൽ നടപ്പിലാക്കുക
7. മണ്ണ് പരിശോധന നടത്തി, വളപ്രയോഗ ശുപാർശകൾ അടങ്ങിയ സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്യുക
8. കർഷക പങ്കാളിത്തത്തോടെ സ്വാശ്രയ കർഷക വിപണികൾ സ്ഥാപിക്കുക

ഈ പദ്ധതികളിലൂടെ പ്രാദേശിക കൃഷി രീതികൾ മെച്ചപ്പെടുത്തി പഴം പച്ചക്കറി ഉല്പാദന വർദ്ധനവിന് കൗൺസിൽ ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ